**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 127** **05-12-2022 - ൽ മറുപടിയ്ക്ക്**

**ആധുനിക സാങ്കേതിക വിദ്യകളുള്ള സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പോലീസ് സ്ഥാപിച്ചിരിക്കുന്ന സി.സി.ടി.വി.യിൽ നിന്നുള്ള ദൃശ്യങ്ങൾ കുറ്റവാളികളെ കണ്ടെത്താൻ സഹായകരമല്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (എ) | ഇത്തരമൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റോഡുകളിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള CCTV ക്യാമറകൾ മുഖേന സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ള കൊലപാതകങ്ങൾ ഉൾപ്പെടെയുള്ള നിരവധി കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിന് വളരെയധികം സഹായകരമായിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യയിലധിഷ്ഠിതമായ Automated Number Plate Recognition Camera (ANPR) കൾ സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുണ്ട്. ഇതിലൂടെ വാഹനങ്ങളെയും കുറ്റവാളികളെയും സംബന്ധിച്ച വിവരങ്ങൾ വളരെവേഗം തന്നെ കണ്ടെത്തുവാനും അവ Analyse ചെയ്ത് കുറ്റവാളിയിലേക്ക് വളരെ വേഗം എത്തുവാനും സാധിക്കുന്നതാണ്. |
| (ബി) | ഗുണമേന്മയില്ലാത്തതും പഴയ സാങ്കേതികവിദ്യയിൽ അധിഷ്ഠിതവുമായ സി.സി.ടി.വി.കളാണ് സ്ഥാപിച്ചിരിക്കുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് ആധുനിക സാങ്കേതിക സംവിധാനങ്ങളുള്ള CCTVക്യാമറകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ഏഴ് ജില്ലകളിൽ (തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, തൃശ്ശൂർ റൂറൽ, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ്) 725 ലക്ഷം രൂപ ചെലവിൽ പുതുതായി Automatic Number Plate Recognition System (ANPR) - System for Border Ceiling സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. കൂടാതെ 375 ലക്ഷം രൂപാ ചെലവിൽ കണ്ണൂർ, ഇടുക്കി, കോട്ടയം, എറണാകുളം റൂറൽ, ആലപ്പുഴ, കൊല്ലം സിറ്റി എന്നീ ജില്ലകളിലും Automatic Number Plate Recognition System (ANPR) - System for Border Ceiling സ്ഥാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ആറ് ജില്ലകളിൽ (തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, കൊല്ലം സിറ്റി, കോട്ടയം, ആലപ്പുഴ, കോഴിക്കോട് റൂറൽ) നിലവിലുള്ള CCTV Surveillance System-നു പുറമേ 655.32 ലക്ഷം രൂപ ചെലവിൽ CCTV Surveillance System സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ സിറ്റി, മലപ്പുറം, തിരുവനന്തപുരം റൂറൽ എന്നീ 3 ജില്ലകളിലും 200 ലക്ഷം രൂപ ചെലവിൽ CCTV Surveillance System സ്ഥാപിച്ചിട്ടുണ്ട്.<br><br>ആറ് ജില്ലകളിൽ (പത്തനംതിട്ട, ഇടുക്കി, എറണാകുളം റൂറൽ, തൃശ്ശൂർ റൂറൽ, കോഴിക്കോട് റൂറൽ, കണ്ണൂർ റൂറൽ) 400 ലക്ഷം രൂപ ചെലവിൽ Automatic Number Plate Recognition System (ANPR) - System with Facial recognition Facility at District Borders and landing points in Districts & Linking of all ANPR Cameras database centrally എന്ന പദ്ധതി നടപ്പാക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |
| (സി) | കുറ്റവാളികളെ കണ്ടെത്തുന്നതിന് സഹായകരമായ ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ക്യാമറകൾ സ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | (ബി) യിൽ നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ